**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ 5.3298 ഹെക്ടർ സ്ഥലം ജൈവവൈവിധ്യ പാർക്ക്, സിവിൽ സർവ്വീസ് റസിഡൻഷ്യൽ കോംപ്ലക്സ്, ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ധ സമിതി ശുപാർശ - 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (ബി) വകുപ്പ്

**സ.ഉ.(കൈ) നം.183/2019/റവ.** തീയതി,തിരുവനന്തപുരം, 14/06/2019

---

പരാമർശം:- 1. 17-12-2018-ലെ സ.ഉ (അച്ചടി) 87/2018/റവ നമ്പർ സർക്കാർ ഉത്തരവ്
2. കണ്ണൂർ ജില്ലാ കളക്ടറുടെ 26-05-2019 ലെ 8300/2018-സി6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ 5.3298 ഹെക്ടർ സ്ഥലം ജൈവവൈവിധ്യ പാർക്ക്, സിവിൽ സർവ്വീസ് റസിഡൻഷ്യൽ കോംപ്ലക്സ്, ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണത്തിനായി 2013-ലെ എൽ.എ.ആർ.ആർ നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവണ്മെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.

വിദഗ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും , സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം കണ്ണൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയുടെ ശുപാർശ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിനു തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധ സമിതിയുടെ ശുപാർശ, സാമുഹ്യാഘാത പഠന റിപ്പോർട്ട്, കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ

അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ 5.3298 ഹെക്ടർ ഭൂമി, പ്രസ്തുത ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് 2008- ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമെ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്ക വിധേയമായി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**GOPALAKRISHNAN N**
**ഡെപ്യൂട്ടി സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

Signature Not Verified

സെക്ഷൻ ഓഫീസർ

Digitally signed by BINU VARGHESE
Date: 2019.06.15 11:49:51 IST
Reason: Approved